# പുനർ ദർഘാസ്/ ലേല പരസ്യം

മാനേജിംഗ് ഡയറക്ടറുടെ കര്യാലയം
കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ
ഡവലപ്പ്മെന്റ് കോർപ്പറേഷൻ
കുമാരപുരം, തിരുവനന്തപുരം

നമ്പർ - KIIDC/Auction /2017

തീയതി : 07.11.2017

കോട്ടയം പാല ടെക്നിക്കൽ ഹൈസ്കൂളിന് സമീപം ഹോട്ടൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കോമ്പൗണ്ടിൽ നില്ക്കുന്ന മരങ്ങളുടെ ലേലം അവിടെ വച്ച് (ടെക്നിക്കൽ ഹൈസ്കൂൾ കോമ്പൗണ്ട് പരിസരം) 21.11.2017 ന് പകൽ 11.30 എ. എം. ന് പരസ്യമായി ലേലം ചെയ്യുന്നതാണ്. അതോടൊപ്പം മുദ്രവച്ച കവറിൽ എത്ര തുകയ്ക്ക് ടി മരങ്ങൾ വാങ്ങാമെന്ന് കാണിച്ചുള്ള ദർഘാസുകളും ക്ഷണിക്കുകയാണ്. തുക രേഖപ്പെടുത്തിയ മുദ്ര വച്ച് കവറുകൾ 20.11.2017, 4 പി. എം. ന് മുമ്പായി ടി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. മരങ്ങളുടെ ഇനം, തരം, അളവ് എന്നീ വിവരങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട് മറ്റു വിവരങ്ങൾക്ക് പ്രവൃത്തി ദിനങ്ങളിൽ 10.30 എ. എം. നും 5 പി. എം.നും ഇടയ്ക്കുള്ള സമയങ്ങളിൽ ഈ ഓഫീസിൽ വന്ന് പരിശോധിക്കാവുന്നതുമാണ്. പരസ്യ ലേലത്തിൽ ഏറ്റവും കൂടിയ തുകയ്ക്ക് ലേലം ഉറപ്പിച്ച ശേഷം മുദ്രവച്ച കവറുകൾ പൊട്ടിച്ച് പരിശോധിക്കുകയും ഇവയിൽ ഏറ്റവും കൂടിയ തുകയോ, ലേലത്തിൽ ഏറ്റവും കൂടിയ തുകയോ, ഏതാണോ കൂടിയത് ആ തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ലേലം തുടങ്ങുന്നതിനു അര മണിക്കൂർ മുമ്പ് ടി സ്ഥലത്ത് ഹാജരാകേണ്ടതും. 10,000/- രൂപ നിരതദ്രവ്യമായി നല്കേണ്ടതുമാണ്. മുദ്രവച്ച കവറിൽ തുക ക്വാട്ട് ചെയ്യുന്നതിനും 10,000/- രൂപയുടെ ഡ്രാഫ്റ്റ് നിരതദ്രവ്യമായി ഉള്ളടക്കം ചെയ്തിരിക്കേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവരും ദർഘാസ് സമർപ്പിക്കുന്നവരും നിർബന്ധമായും പാൻ കാർഡ് ഉള്ളവരും ആയതിന്റെ കോപ്പി ദർഘാസിനൊപ്പമോ നിരതദ്രവ്യം നല്കുന്ന സമയത്തോ നല്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്ന ആൾ / ദർഘാസ് സമർപ്പിക്കുന്ന ആൾ ലേലതുക മുഴുവനും, നീയമപ്രകാരമുള്ള നികുതികളും 5% വന വികസന ഫണ്ടും ഉൾപ്പെടെ അപ്പോൾ തന്നെ ഒടുക്കേണ്ടതും ബന്ധപ്പെട്ട അധികാരിയിൽ നിന്നും സ്ഥിരപ്പെടുത്തിയ അറിയിപ്പ് ലഭിയ്ക്കുന്ന മുറയ്ക്ക് ലേലസാധനങ്ങൾ താമസംവിനാ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മറ്റ് ഗവൺമെന്റ് കെട്ടിടങ്ങൾക്കോ മറ്റൊന്നിനുമോ യാതൊരു കേടും വരുത്താതെ നീക്കം ചെയ്യേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം പുനർലേലം നടത്തുന്നതും തന്മൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം വീഴ്ചക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്ന ആൾ ബാക്കിതുകയും നികുതിയും അടക്കുന്നില്ല എങ്കിൽ നിരതദ്രവ്യം സർക്കാരിലേയ്ക്ക് കണ്ടുകൊട്ടുന്നതായിരിക്കും. ലേലം നടത്താതിരിയ്ക്കാനോ മാറ്റിവയ്ക്കാനോ പരസ്യപ്പെടുത്തുന്ന ഉദ്യാഗസ്ഥന് അധികാരം ഉണ്ടായിരിയ്ക്കുന്നതാണ്. കേരളാപൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള എല്ലാലേലവ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ തിരക്കി അറിയാവുന്നതാണ്.

എന്ന്

ഒപ്പ്

ഉത്തരവിൻ പ്രകാരം

മാനേജിംഗ് ഡയറക്ടർ

പകർപ്പുകൾ - ലേലം ചെയ്യുന്ന മരങ്ങളുടെ വിവരങ്ങൾ

## ലേലം ചെയ്യുന്ന മരങ്ങളുടെവിവരങ്ങൾ

| നം. | മരം | എണ്ണം | നമ്പർ (അളവ്) |
|---|---|---|---|
| 1 | പുളി | 2 | 144(85), 147(56) |
| 2 | വട്ട | 7 | 115(125), 579(90), 572(140), 529(63), 528(62), 551(180), 533(178) |
| 3 | തേക്ക് | 8 | 111(115), 110(134), 109(105), 126(105), 125(76), 121(47), 123(75), 124(78), |
| 4 | ആഞ്ഞിലി | 3 | 127(125), 148(82), 51(175) |
| 5 | കനല | 2 | 129(84), 130(115) |
| 6 | റബ്ബർ | 3 | 128, 131, 132 |
| 7 | പ്ലാവ് | 2 | 575(120), 574(82) |
| 8 | ആല് | 1 | 176(135) |
| 9 | കടപ്ലാവ് | 1 | 149(185) |
| 10 | തെങ്ങ് | 1 | 145(56) |
| 11 | പാല | 1 | 138(134) |
| 12 | മരുത് | 2 | 550(135), 49(107) |
| 13 | കരിംതകര | 1 | 46(185) |
| 14 | കാഞ്ഞിരം | 1 | 48(198) |



മാനേജിംഗ് ഡയറക്ടർ